# നോട്ടീസ്

കേരള സർക്കാർ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് നാഷണൽ സർവ്വീസ് സ്കീം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സാമൂഹിക സാംസ്കാരിക സമന്വയ പരിപാടിയാണ് സഹയാനം.

സാംസ്കാരിക രംഗത്ത് വിപ്ലവാത്മകമായ മാറ്റം ലക്ഷ്യമിട്ടുകൊണ്ട് നടത്തുന്ന 'സഹയാനം' പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നൊച്ചാട് എച്ച്.എസ്.എസ്., നൊച്ചാട്, കോഴിക്കോട് വച്ച് 2009 ഡിസംബർ 16–ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് ബഹു. വനം വന്യജീവി ഭവന നിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. ബിനോയ് വിശ്വം നിർവ്വഹിക്കുന്നു.

എൻ.എസ്.എസ്. റെഗുലർ ആക്ടിവിറ്റിയുടെ ഭാഗമായി നടത്തുന്ന ഈ പരിപാടിയുടെ പൈലറ്റ് പ്രോഗ്രാമിൽ കോഴിക്കോട് ജില്ലയിലെ അഞ്ച് സ്കൂളുകൾ പങ്കെടുക്കുന്നു. തുടർന്ന് സംസ്ഥാനത്തെ 40,000 എൻ.എസ്.എസ്. വോളണ്ടിയർമാരും അവരുടെ സഹപാഠിയുടെ വീട്ടിൽ മാറി താമസിക്കുന്നതിനൊപ്പം സാമൂഹ്യ മാറ്റത്തിനുതകുന്ന വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യും. പദ്ധതിയുടെ ഔപചാരിക ഉദ്ഘാടന ചടങ്ങിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു. വിശദമായ പ്രോഗ്രാം നോട്ടീസും പ്രവർത്തന രൂപരേഖയും താഴെ കൊടുക്കുന്നു.

**Date : 9-12-2009**

പ്രോഗ്രാം കോ–ഓർഡിനേറ്റർ

9/12/09

: **ശ്രീ.എസ്.വി.ശ്രീജൻ**
(ജില്ലാ കോ-ഓർഡിനേറ്റർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്, കോഴിക്കോട്)

: **ശ്രീ എ.വി. അബ്ദുല്ല**
( മാനേജർ, നൊച്ചാട് എച്ച്.എസ്.എസ്)

: **ശ്രീ.അബ്ദുൽവഹാബ് മാസ്റ്റർ**
(ഹെഡ്മാസ്റ്റർ. നൊച്ചാട് എച്ച്.എസ്.എസ്)

: **ശ്രീ. ടി.പി. മുഹമ്മദ് ബഷീർ**
(NSS ജില്ലാ കൺവീനർ, കോഴിക്കോട്)

: **ശ്രീ. കെ.കെ. രാജൻ**
(പി.ടി.എ. പ്രസിഡണ്ട്, നൊച്ചാട് HSS)

: **ശ്രീ. വി.പി. ഇബ്രാഹിം**
(സ്റ്റാഫ് പ്രതിനിധി)

: **ശ്രീ. കെ.ടി. സൂപ്പി**
(കവി, സാംസ്കാരിക പ്രവർത്തകൻ)

: **ശ്രീ. സി. അബ്ദുറഹിമാൻ**
(സ്റ്റാഫ് സെക്രട്ടറി, നൊച്ചാട് എച്ച്.എസ്.എസ്.)

: **ശ്രീ. അബ്ബാസ് മാസ്റ്റർ**
(സ്റ്റാഫ് സെക്രട്ടറി, നൊച്ചാട് എച്ച്.എസ്.)

: **ശ്രീ. സതീഷ്കുമാർ.എം.**
(NSS പ്രോഗ്രാം ഓഫീസർ, വാകയാട് HSS.)

: **ശ്രീ.എസ്. ശ്രീചിത്ത്**
(NSS പ്രോഗ്രാം ഓഫീസർ,പാലോറ HSS.)

: **ശ്രീമതി. മിനി.എ.പി.**
(NSS പ്രോഗ്രാം ഓഫീസർ, ഗവ. HSS, മാവൂർ.)

: **ശ്രീ. അബൂബക്കർ.ടി.**
(NSS പ്രോഗ്രാം ഓഫീസർ.നന്മണ്ട. HSS.)

**നന്ദി** : **ശ്രീ. വി. കാസിം**
(NSS പ്രോഗ്രാം ഓഫീസർ, നൊച്ചാട് HSS)

**ദേശീയഗാനം**

*Not me But you*

**കേരള സർക്കാർ**

**ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്**

# നാഷണൽ സർവ്വീസ് സ്കീം

# സഹയാനം

അറിയുക.. പരസ്പരം

**(സാമൂഹിക സാംസ്കാരിക സമന്വയ പരിപാടി)**

## സംസ്ഥാനതല ഉദ്ഘാടനം

## ശ്രീ. ബിനോയ് വിശ്വം

(ബഹു. വനം, വന്യജീവി. ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**ഡിസംബർ 16 ബുധൻ ഉച്ചയ്ക്ക് 2 മണി**

**നൊച്ചാട് എച്ച്.എസ്.എസ്., നൊച്ചാട്**
**കോഴിക്കോട്**

## സഹയാനം– രണ്ടാംഘട്ടം

*രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 40,000 NSS വളണ്ടിയർമാർ പരിപാടിയിൽ പങ്കാളികളാകുന്നു.*

## പ്രവർത്തന രീതി

1. സ്കൂൾ P.T.A, M.P.T.A, സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് എന്നിവരുമായി ബന്ധപ്പെട്ട് ചർച്ചകൾ സംഘടിപ്പിക്കുന്നു.
2. ചർച്ചയിൽ ഉരുത്തിരിഞ്ഞു വരുന്ന കാര്യങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവെക്കുകയും വ്യത്യസ്തങ്ങളായ ഗ്രൂപ്പുകളായി തരംതിരിക്കുകയും ചെയ്യുന്നു.
3. സംസ്ഥാനതല ഉൽഘാടനത്തെത്തുടർന്ന് വിദ്യാർത്ഥികളെ അവരുടെ സഹപാഠിയുടെ വീട്ടിലേക്ക് നേരത്തെ നിശ്ചയിച്ചപ്രകാരം പറഞ്ഞയക്കുന്നു.
4. വീട്ടിൽ സഹവാസം, കുടുംബസദസ്സ്, മുതിർന്നവരുമായി അനുഭവം പങ്കുവെക്കൽ, അയൽവാസികളുമായി സംസർഗ്ഗം, വൃക്ഷത്തൈനടൽ, ശുചിത്വബോധവത്ക്കരണം നടത്തൽ എന്നിവയാണ് പ്രധാന പ്രവർത്തനം.
5. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, P.T.A, M.P.T.A, സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്, അധ്യാപകർ എന്നിവർ വീടുകൾ സന്ദർശിച്ച് മേൽനോട്ടം വഹിക്കുന്നു.

## അവലോകനവും കണ്ടെത്തലും

'സഹയാനം' രണ്ടാം ദിവസം വിദ്യാർത്ഥികൾ സ്കൂളിലേക്ക് തിരിച്ച് വന്ന് അനുഭവങ്ങൾ പങ്കുവെക്കുകയും വിലയിരുത്തുകയും ചെയ്യുന്നു

വിദ്യാർത്ഥികളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതാണ്.

കേരള സർക്കാർ

ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്

# നാഷണൽ സർവ്വീസ് സ്കീം

# സഹയാനം

അറിയുക.. പരസ്പരം

(സാമൂഹിക സാംസ്കാരിക സമന്വയ പരിപാടി)

# പ്രവർത്തന രൂപരേഖ

## ആമുഖം.....

**മെ**ച്ചപ്പെട്ട സാമൂഹിക ജീവിതത്തിനുവേണ്ടി വ്യക്തികളെ പാകപ്പെടുത്തുകയാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. തന്നിലും കുടുംബത്തിലും മാത്രം ഒതുങ്ങി ചിന്തിക്കുന്ന വ്യക്തികളല്ല, മറിച്ച് സാമൂഹിക ബോധവും പരസ്പര സ്നേഹവും വിട്ടുവീഴ്ച മനോഭാവവുമുള്ള പൗരന്മാരാണ് രാജ്യത്തിന്റെ മുതൽക്കൂട്ട്. ഈ ലക്ഷ്യത്തിലേക്ക് പുതുതലമുറയെ രൂപപ്പെടുത്തുന്ന സൃഷ്ടിപരമായ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കേരള സർക്കാർ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് നാഷണൽ സർവ്വീസ് സ്കീം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സാമൂഹിക സാംസ്കാരിക സമന്വയ പരിപാടിയാണ് '**സഹയാനം**'.

## ലക്ഷ്യങ്ങൾ

1. *സാമൂഹിക ബോധമുള്ള യുവതലമുറയെ സൃഷ്ടിക്കൽ.*
2. *വ്യത്യസ്ത ജീവിത സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ വിദ്യാർത്ഥിയെ പാകപ്പെടുത്തൽ.*
3. *തന്റെ ജീവിത സാഹചര്യത്തോടൊപ്പം തന്നെ സഹപാഠിയുടെ ജീവിത സാഹചര്യത്തെക്കുറിച്ച് നേരിട്ടറിയുന്നതിനും മനസ്സിലാക്കുന്നതിനും താരതമ്യം ചെയ്യുന്നതിനുമുള്ള അവസരം സൃഷ്ടിക്കൽ.*
4. *ഞാനും എന്റെ കുട്ടികളും കുടുംബവും എന്ന സങ്കുചിത ചിന്താഗതികളിൽ നിന്നും എല്ലാവരെയും ഉൾക്കൊള്ളാവുന്ന വിശാലമായ ചിന്താധാരയിലേക്ക് രക്ഷിതാക്കളെ കൈ പിടിച്ചുയർത്തൽ.*
5. *പ്രായം ചെന്ന ആളുകളെ അംഗീകരിക്കുന്നതിനും ബഹുമാനിക്കുന്നതിനും അവരുടെ അനുഭവങ്ങൾ പങ്കുവെക്കുന്നതിനും അവസരങ്ങൾ സൃഷ്ടിക്കൽ.*

### പങ്കെടുക്കുന്ന വിദ്യാലയങ്ങൾ

**കേരളത്തിലെ എല്ലാ എൻ.എസ്.എസ്.യൂണിറ്റുകളിലും നടപ്പാക്കുന്നപദ്ധതിയുടെ ഒന്നാംഘട്ട മാതൃകാ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന 5 വിദ്യാലയങ്ങൾ.**

1. നൊച്ചാട് HSS, നൊച്ചാട്, കോഴിക്കോട്
2. പാലോറ HSS, ഉള്ളിയേരി, കോഴിക്കോട്.
3. നടുവണ്ണൂർ HSS, വാകയാട്, കോഴിക്കോട്.
4. നന്മണ്ട HSS, നന്മണ്ട, കോഴിക്കോട്.
5. ഗവ. HSS, മാവൂർ, കോഴിക്കോട്.

നൊച്ചാട്
28-11-09

മാന്യരെ,

കേരളത്തിലെ അണുകുടുംബങ്ങളിൽ രൂപപ്പെട്ടുവരുന്ന സാമൂഹിക, സാംസ്കാരിക വ്യവസ്ഥിതിയിൽ മാറ്റം പ്രതീക്ഷിച്ച് കൊണ്ട് കേരളസർക്കാർ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് നാഷണൽ സർവ്വീസ് സ്കീം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സാമൂഹിക സാംസ്കാരിക സമന്വയ പരിപാടിയാണ് **'സഹയാനം'**.

കേരളത്തിലെ 40,000 നാഷണൽ സർവ്വീസ് സ്കീം വളണ്ടിയർമാർ അവരുടെ സഹപാഠിയുടെ വീട്ടിൽ താമസിക്കുന്നതോടൊപ്പം സാമൂഹിക മാറ്റത്തിനുതകുന്ന വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യും.

**'സഹയാനം'** പരിപാടിയുടെ സംസ്ഥാനതല ഉൽഘാടനം കോഴിക്കോട് നൊച്ചാട് ഹയർസെക്കണ്ടറി സ്കൂളിൽ **2009 ഡിസംബർ 16 ന് ബുധൻ ഉച്ചയ്ക്ക് 2 മണിക്ക്** ബഹു: വനം, വന്യജീവി, ഭവനനിർമ്മാണ വകുപ്പ് മന്ത്രി **ശ്രീ. ബിനോയ് വിശ്വം** നിർവ്വഹിക്കുന്നു. ചടങ്ങിൽ **ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ** (പേരാമ്പ്ര എം.എൽ.എ) അധ്യക്ഷനായിരിക്കും. ഈ പരിപാടിയിലേക്ക് താങ്കളെയും സുഹൃത്തുക്കളെയും സാദരം ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം.

**ഇ.ജി. രാജു**
പ്രോഗ്രാം കോ-ഓർഡിനേറ്റർ
എൻ.എസ്.എസ്.
ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്

**സി.പി. ചിത്ര**
ഡയറക്ടർ,
ഹയർ സെക്കണ്ടറി
വിദ്യാഭ്യാസ വകുപ്പ്

**അഡ്വ: കെ.കെ. രാജൻ**
PTA പ്രസിഡണ്ട് &
പ്രോഗ്രാം കൺവീനർ,
നൊച്ചാട് HSS

**ഇ.കെ. കമലാദേവി**
പ്രിൻസിപ്പാൾ
പ്രോഗ്രാം കമ്മിറ്റി ചെയർമാൻ
നൊച്ചാട് HSS കോഴിക്കോട്.

## കാര്യപരിപാടി

| | |
|---|---|
| | NSS ഗീതം |
| സ്വാഗതം | : **ശ്രീമതി. ഇ.കെ.കമലാദേവി** (പ്രിൻസിപ്പൽ, നൊച്ചാട് എച്ച്.എസ്.എസ്.) |
| ആമുഖഭാഷണം | : **ശ്രീമതി. സി.പി. ചിത്ര** (ഡയറക്ടർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസവകുപ്പ്) |
| പദ്ധതി വിശദീകരണം | : **ശ്രീ. ഇ.ജി. രാജു** (NSS പ്രോഗ്രാം കോ-ഓർഡിനേറ്റർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസവകുപ്പ്)) |
| അധ്യക്ഷൻ | : **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ** (എം.എൽ.എ.,പേരാമ്പ്ര നിയോജകമണ്ഡലം) |
| ഉൽഘാടനം | : **ശ്രീ. ബിനോയ് വിശ്വം** (ബഹു. വനം, വന്യജീവി. ഭവനനിർമ്മാണ വകുപ്പ് മന്ത്രി) |
| മുഖ്യാതിഥി | : **ശ്രീ. കെ.പി. കുഞ്ഞമ്മദ്കുട്ടിമാസ്റ്റർ** (കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്) |
| NSS സന്ദേശം | : **ശ്രീമതി അനിതാശങ്കർ** (സ്റ്റേറ്റ് ലെയ്സൺ ഓഫീസർ, സ്റ്റേറ്റ്ലെവൽ NSS സെൽ) |
| ആശംസകൾ | : **ശ്രീമതി. ടി.വി.ഷീബ** (പ്രസിഡണ്ട്, ബ്ലോക്ക് പഞ്ചായത്ത്. പേരാമ്പ്ര) |
| | : **ശ്രീ. കെ.ടി. ബാലകൃഷ്ണൻ മാസ്റ്റർ** (പ്രസിഡണ്ട്, നൊച്ചാട് ഗ്രാമപഞ്ചായത്ത്) |
| | : **ശ്രീ. പള്ളുരുത്തി ജോസഫ്** (ജില്ലാ പഞ്ചായത്ത് മെമ്പർ) |
| | : **ശ്രീ. പി.കെ. കണാരൻമാസ്റ്റർ** (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) |
| | : **ശ്രീ. കെ.സി. ബാബുരാജ്** (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, നൊച്ചാട് ഗ്രാമപഞ്ചായത്ത്) |
| | : **ശ്രീമതി. പി.കെ. സരള** (വാർഡ് മെമ്പർ) |
| | : **ശ്രീ. ടി.കെ. അബ്ദുറഹിമാൻ** (റീജിയണൽ ഡപ്യൂട്ടി ഡയറക്ടർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്) |